**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2985** **07-10-2025 - ൽ മറുപടിയ്ക്ക്**

**ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാലാവസ്ഥാ വ്യതിയാനം മൂലം ഉണ്ടാകുന്ന ദൂഷ്യഫലങ്ങൾ പഠിക്കുന്നതിനും പരിഹരിക്കുന്നതിനും വേണ്ടി രൂപീകരിച്ച ഗ്രീൻ ഇന്ത്യ മിഷൻ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. കാലാവസ്ഥാ വ്യതിയാനം രാജ്യത്തെ വനങ്ങൾ ഉൾപ്പെടെയുള്ള പ്രകൃതി സമ്പത്തിന് കാതലായ മാറ്റം വരുത്തുമെന്നും, സർവ്വോപരി ജനജീവിതത്തെയും പ്രകൃതിയുടെ നിലനിൽപ്പിനെത്തന്നെയും സാരമായി ബാധിക്കുമെന്നുള്ള തിരിച്ചറിവിലൂടെയാണ് കാലാവസ്ഥാ വ്യതിയാനത്തെ ഫലപ്രദമായി നേരിടുന്നതിനായി കേന്ദ്ര സർക്കാർ വിഭാവനം ചെയ്ത എട്ട് മിഷനുകളിലുൾപ്പെടുത്തി ഗ്രീൻ ഇന്ത്യ മിഷൻ (GIM) (60:40 CSS) എന്ന പദ്ധതി സംസ്ഥാനത്ത് 2016-17 സാമ്പത്തിക വർഷം മുതൽ നടപ്പാക്കി വരുന്നത്. സംസ്ഥാനത്തെ 50 വന വികസന ഏജൻസികൾക്ക് കീഴിലായി രൂപീകരിച്ചിട്ടുള്ള വന സംരക്ഷണ സമിതികൾ (VSS)/ഇക്കോ-ഡെവലപ്പ്മെന്റ് കമ്മിറ്റികൾ (EDCs)/ ഗ്രാമ ഹരിത സമിതികൾ (GHS) എന്നിവ വഴിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. 60:40 അനുപാതത്തിൽ ധനസഹായം ലഭ്യമാക്കുന്ന ഈ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ 60% തുക കേന്ദ്ര സർക്കാരും 40 തുക സംസ്ഥാന സർക്കാരും വഹിക്കുന്നു. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (ബി) | കാലാവസ്ഥ വ്യതിയാനം മൂലം പരിസ്ഥിതിയ്ക്കും വനങ്ങൾക്കും ഉണ്ടാകാവുന്ന ദോഷവശങ്ങൾക്ക് പരിഹാരം കാണുകയെന്ന ലക്ഷ്യത്തോടെയാണ് ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി (60:40 CSS) നടപ്പാക്കി വരുന്നത്. 1 മുതൽ 5 വരെ ഉപദൗത്യങ്ങളിലായി പദ്ധതി പ്രവർത്തനങ്ങളെ ഉൾക്കൊള്ളിച്ചിരിക്കുന്നു. നിലവിലുള്ള വനങ്ങളുടെ സംരക്ഷണം, വന സാന്ദ്രത മെച്ചപ്പെടുത്തൽ, നീർചാലുകളുടെ സംരക്ഷണം, നീർമറി പ്രദേശങ്ങളുടെ മണ്ണ്-ജല സംരക്ഷണം, മണ്ണൊലിപ്പ് നിയന്ത്രണം എന്നിവയും, വനങ്ങൾക്ക് പുറത്തെ വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിന് ഉപയുക്തമാകത്തക്ക വിധത്തിൽ വൃക്ഷത്തൈകളുടെ ഉത്പാദനം, വിതരണം, ഇന്ധനാവശ്യത്തിനായി |

| | | | |
|---|---|---|---|
| | | | വനത്തെ ആശ്രയിക്കുന്നത് ലഘൂകരിക്കുന്നതിനായി പുനരുപയോഗക്ഷമമായ ഇന്ധനം ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കൽ, തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കൽ, കള നിയന്ത്രണം, മണ്ണൊലിപ്പ് തടയുന്നതിന് സഹായകരമായ മരങ്ങൾ വച്ചുപിടിപ്പിക്കൽ, തടയണ നിർമ്മാണം, ഗള്ളി പ്ലഗ്ഗിങ്, തുടങ്ങിയ പ്രവർത്തനങ്ങളാണ് ഈ ഉപഘടകങ്ങളിലൂടെ നടപ്പാക്കി വരുന്നത്. സംസ്ഥാനത്തെ 50 വന വികസന ഏജൻസികൾക്ക് കീഴിലായി രൂപീകരിച്ചിട്ടുള്ള വന സംരക്ഷണ സമിതികൾ (VSS)/ ഇക്കോ-ഡെവലപ്പ്മെന്റ് കമ്മിറ്റികൾ (EDCs) ഗ്രാമ ഹരിത സമിതികൾ (GHS) എന്നിവ വഴിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. വനാശ്രിത സമൂഹങ്ങൾ അംഗങ്ങളായ VSS/EDC-കൾ വഴി പദ്ധതി നടപ്പാക്കുന്നതിലൂടെ വനാശ്രിതരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ആവശ്യമായ തൊഴിലവസരങ്ങൾ നൽകുന്നതിനും അതുവഴി അവരുടെ ജീവിതോപാധി വർദ്ധനവിന് ഉതകുക എന്നതും പദ്ധതി ലക്ഷ്യമാണ്. |
| (സി) | സംസ്ഥാനത്ത് ഏതെല്ലാം പ്രദേശങ്ങളിൽ പദ്ധതി നടപ്പാക്കുന്നുവെന്നും പ്രസ്തുത പ്രദേശത്തിന്റെ വിസ്തൃതി, ചെലവഴിച്ച തുക എന്നിവയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ? | (സി) | സംസ്ഥാനത്തെ 50 വന വികസന “ ഏജൻസികൾക്ക് കീഴിലായി വരുന്ന ശോഷിത വന മേഖലകളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്. 2016-17 സാമ്പത്തിക വർഷം മുതൽ 2024-25 സാമ്പത്തിക വർഷം വരെയുള്ള കാലയളവിൽ മേൽപ്പറഞ്ഞ വന വികസന ഏജൻസികളിലായി ആകെ 75169.55 ഹെക്ടർ വിസ്തൃതി പ്രദേശത്ത് പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി ലക്ഷ്യമിട്ടതിൽ 32184.17 ഹെക്ടർ പ്രദേശത്ത് പദ്ധതിയിൻ കീഴിൽ വന സംരക്ഷണ-വനവൽക്കരണ പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. അതിനായി ടി കാലയളവിൽ പദ്ധതിയിൻ കീഴിൽ ലഭിച്ച 4244.394 ലക്ഷം രൂപ പൂർണ്ണമായും ഉപയോഗപ്പെടുത്തിയിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷത്തിൽ 9291.86 ഹെക്ടർ വന പ്രദേശത്ത് പദ്ധതി പ്രവർത്തനങ്ങൾ നടത്തുവാനാണ് പദ്ധതിയിൻ കീഴിൽ അംഗീകാരം ലഭിച്ചിട്ടുള്ളത്. ആയതിലേക്കായി 2734.99 ലക്ഷം രൂപ ഈ സാമ്പത്തിക വർഷത്തിൽ കേന്ദ്ര-സംസ്ഥാന വിഹിതമായി ലഭിച്ചിട്ടുണ്ട്. ആയതിൽ നാളിതുവരെ 5680 ലക്ഷം രൂപ വിവിധ വന വികസന ഏജൻസികൾ പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി വിനിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ